# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3748 — 14.03.2017 — ൽ മറുപടിക്ക്

## അനർഹർ ബി.പി.എൽ ലിസ്റ്റിൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) പുതിയ റേഷൻ കാർഡിൽ അനർഹർ (സർക്കാർ, കേന്ദ്രസർക്കാർ, പെൻഷൻ വാങ്ങുന്നവർ) ബി പി എൽ ലിസ്റ്റിൽ കടന്നുകൂടിയിരിക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;<br><br>(ബി) അർഹരായ പാവപ്പെട്ടവർ ബി.പി.എൽ ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെട്ടത് തിരുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും. | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. കരട് പട്ടികയിൽ ആക്ഷേപങ്ങൾ ഉള്ള പക്ഷം പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിക്കുവാൻ അവസരം നൽകിയിരുന്നു. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതിയുള്ള പക്ഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുവാനും അവസരം നൽകിയിരുന്നു. പരാതിക്കാരെ വെരിഫിക്കേഷൻ കമ്മിറ്റികളിലും അപ്പീൽ കമ്മിറ്റികളിലും നേർക്കാഴ്ച നടത്തിയും രേഖകൾ പരിശോധിച്ചും പരാതി തീർപ്പാക്കി അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തെററായ വിവരങ്ങൾ നൽകുന്നവർക്ക് നിയമപ്രകാരം ആറു മാസം വരെ തടവ്/ പിഴ തുടങ്ങിയ ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേററഡ് ഫോറത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതു വരെ പ്രഥമ ദൃഷ്ട്യാ അനർഹരായവർ ആനുകൂല്യം കൈപ്പറ്റുന്നതിൽ നിന്നും സ്വയം വിട്ടു നിൽക്കേണ്ടതാണെന്ന് അറിയിക്കുന്ന പോസ്റ്ററുകൾ പ്രധാന കേന്ദ്രങ്ങളിലും റേഷൻ ഡിപ്പോകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ അനർഹരായവർ വാങ്ങിയെടുത്ത ധാന്യത്തിന്റെ വിലയും/പിഴയും ഈടാക്കാനുള്ള നിയമപരമായ നടപടിയും എടുക്കുന്നതാണെന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*